(ബി) സമീപകാലത്തുണ്ടായ അക്രമ സംഭവങ്ങളിൽ മാവോയിസ്റ്റുകളുടെ പങ്ക് സ്ഥിരീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇത്തരം സംഘടനകളിൽനിന്നും നേരിടുന്ന ഭീക്ഷണികൾ തടയുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

ഉത്തരം

(എ) 2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വനപ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് സംശയിക്കുന്നു. സുരക്ഷാകാരണങ്ങളാൽ കൂടുതൽ വിവരം വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ബി) വയനാട് വെള്ളമുണ്ടയിൽ പ്രമോദ് എന്ന പോലീസ് ഉദ്യോഗസ്ഥന്റെ വീട്ടിൽ അതിക്രമിച്ചുകയറുകയും മോട്ടോർസൈക്കിൾ കത്തിക്കുകയും ചെയ്തത് മാവോയിസ്റ്റുകൾ ആണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. മറ്റു മൂന്നു ആക്രമണങ്ങളിൽ (27-10-2013-ന കോഴിക്കോട് ചൂരണിമലയിൽ എസ്റ്റേറ്റർ കത്തിച്ചത്, 10-11-2014-ന എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചത്, 18-11-2014-ന് വയനാട് തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചത്) മാവോയിസ്റ്റ് സാന്നിദ്ധ്യം ഉള്ളതായി സംശയിക്കുന്നു.

(സി) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം നിരീക്ഷിക്കാനും അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾക്കായി പോലീസിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കണ്ണൂർ റേഞ്ച് ഡി.ഐ.ജി.യെ മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളുടെ മേധാവിയായി നിയമിച്ചിട്ടുണ്ട്.

വനമേഖലയിൽ മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ വനം വകുപ്പുമായി ചേർന്ന് പോലീസ് വിവിധ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

അബൂൾഹക്കീമിന്റെ കൊലപാതകം സംബന്ധിച്ച അന്വേഷണം

261 (263) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ പയ്യന്നൂരിൽ കത്തിക്കരിഞ്ഞ നിലയിൽ മൃതദേഹം കണ്ടെത്തിയ അബൂൾഹക്കീമിന്റെ കൊലപാതകം

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) സംഭവം നടന്ന് 9 മാസം കഴിഞ്ഞിട്ടും പ്രതികളെ കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത കേസ് സി.ബി.ഐ. അന്വേഷണം നടത്തുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തിയ അബ്ദുൾഹക്കീമിന്റെ കൊലപാതകം സംബന്ധിച്ച കേസ് നിലവിൽ ക്രൈംബ്രാഞ്ച് വിഭാഗത്തിന്റെ ഐ.എസ്.ഐ.റ്റി. അന്വേഷണം നടത്തിവരുന്നു. ക്രൈംബ്രാഞ്ച് ക്രൈം നമ്പർ 98/CR/HHWIII/KKD/2014). പ്രതികളെക്കുറിച്ച് വ്യക്തമായ തെളിവുകൾ ലഭിക്കാത്തതുകൊണ്ട് അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. കേസ് അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട രതീഷിന്റെ കേസ്

262 (264) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരൂഹസാഹചര്യത്തിലുള്ള രതീഷിന്റെ മരണം സംബന്ധിച്ച് ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ ക്രൈം 102/2013 നമ്പർ കേസിൽ പുനരന്വേഷണം നടത്താൻ സംസ്ഥാന പോലീസ് മേധാവി ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് അത് സംബന്ധിച്ച ഉത്തരവ് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് ലഭിച്ചതെന്നും പുനരന്വേഷണച്ചുമതല ഏത് ഉദ്യോഗസ്ഥനാണെന്നും വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട കോടതിയിൽനിന്നും അനുവാദം നേടിയിട്ടുണ്ടോ; അന്വേഷണം ഏത് ഘട്ടത്തിലാണെന്നും എന്തൊക്കെ നടപടികൾ ഇതേവരെ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly